**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1762** | **08.06.2018-ൽ മറുപടിയ്ക്ക്** |
|---|---|

**ഉറവിട മാലിന്യ സംസ്കരണം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.എം.രാജഗോപാലൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് പുതുതായി പണിയുന്ന ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണം നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br>(ബി) നഗരങ്ങളിൽ മഴവെള്ള സംഭരണികളും ഉറവിടമാലിന്യ സംസ്കരണ സംവിധാനവും ഏർപ്പെടുത്താൻ ശക്തമായ നിർദ്ദേശങ്ങൾ നൽകുമോയെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും | 15-02-2016-ലെ 82200/ഡി.സി.1/2014/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുനിസിപ്പൽ കോർപ്പറേഷനുകളും ഭരണ പ്രദേശത്തെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും അഴുകുന്ന മാലിന്യങ്ങൾ സ്വന്തം നിലയിൽ ഉറവിടത്തിൽ തന്നെ കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ ചെയ്യുമെന്നുറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതുപോലെ 22-07-2017-ലെ സ.ഉ(സാധാ) നം.2511/2017/തസ്വഭവ പ്രകാരം സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി&ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ട പ്രകാരം മഴവെള്ള സംഭരണി സ്ഥാപിക്കുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ